**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5526** **24-03-2025 - ൽ മറുപടിയ്ക്ക്**

**നഞ്ചിയമ്മയുടെ കുടുംബഭൂമി കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗായിക നഞ്ചിയമ്മയുടെ കുടുംബഭൂമി സംബന്ധിച്ച കേസിൽ അഗളിക്കോടതിയുടെ ഉത്തരവ് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ വിശദാംശം നൽകുമോ; | (എ) | ഗായിക ശ്രീമതി.നഞ്ചിയമ്മയുടെ കുടുംബ ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് ബഹു.മണ്ണാർക്കാട് മുൻസിഫ് കോടതി മുമ്പാകെ 21/01/2013 ൽ ഫയൽ ചെയ്തിരുന്ന OS.26/2013 നം. കേസ് ബഹു. പാലക്കാട് ജില്ലാ കോടതി ജഡ്ജിയുടെ 04.01.2024-ലെ ഉത്തരവ് പ്രകാരം അട്ടപ്പാടി മുൻസിഫ് കോടതി പരിഗണിക്കുന്നതിനായി മാറ്റുകയും ടി കേസ് OS/20/2024 ആയി ഫയൽ ചെയ്തിട്ടുള്ളതുമാണ്.<br><br>അന്യായകാരന് പട്ടിക വസ്തുക്കളിൽമേൽ കൈവശമോ കൈവശാവകാശമോ തെളിയിക്കാൻ കഴിയാതെ വന്നതിനാൽ അന്യായകാരൻ അപേക്ഷിച്ച പ്രകാരം സ്ഥിരമായ നിരോധന ഉത്തരവ് (permanent prohibition injunction) അനുവദിക്കാൻ കഴിയില്ല എന്നും കേസിലെ 28.02.2025ലെ വിധിന്യായത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | അട്ടപ്പാടിയിലെ ആദിവാസികൾ മുഖ്യമന്ത്രിയെ നേരിട്ട് കണ്ട്, വ്യാജരേഖ നിർമ്മിച്ച് ഭൂമി കയ്യേറുന്നതായി നൽകിയ പരാതിയിൽ എന്തെല്ലാം വിഷയങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്; പ്രസ്തുത പരാതിയിന്മേൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ എന്തെല്ലാം ശിപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | അട്ടപ്പാടിയിലെ ആദിവാസികൾ മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് വ്യാജരേഖ നിർമ്മിച്ച് ഭൂമി കയ്യേറുന്നതായി നൽകിയ പരാതിയിൽ താഴെപ്പറയുന്ന വിഷയങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്.<br><br>1. ടി.എൽ.എ ഭൂമികൾ വിട്ടു നൽകണം.<br><br>2. ആദിവാസികളല്ലാത്തവർക്ക് നികുതി രസീതും കൈവശരേഖയും നൽകരുത്<br><br>3. പോലീസ് സാന്നിധ്യത്തിൽ ആദിവാസികളെ ഭീഷണിപ്പെടുത്തി ഭൂമി കയ്യേറരുത്<br><br>4. ടി.എൽ.എ ഉത്തരവായ കേസുകളിൽ സമയക്രമം അനുസരിച്ച് നടപടി പൂർത്തിയാക്കണം<br><br>5. ടി.എൽ.എ കേസിൽ ആദിവാസികൾക്ക് നഷ്ടമായ ഭൂമിക്ക് പകരം കൃഷിയോഗ്യവും വാസയോഗ്യവുമായ |

ഭൂമി നൽകണം

6. കോട്ടത്തറ വില്ലേജിലെ വൻതോതിലുള്ള ആദിവാസി ഭൂമി കയ്യേറ്റം തടയണം

7. വിവിധ കാലത്ത് നടന്ന പട്ടയമേളകളിൽ ആദിവാസികൾക്ക് പട്ടയം ലഭിച്ചിട്ടില്ല

8. ശ്മശാനത്തിലേക്കും ക്ഷേത്രത്തിലേക്കും കുടിവെള്ള നീരുറവകളിലേക്കും ആദിവാസികൾ പോകുന്ന വഴികൾ ഉൾപ്പെടെ കെട്ടിയടച്ച് ബോർഡുകൾ വയ്ക്കുന്നത്.

9. ഡിജിറ്റൽ സർവ്വെ എന്ന പേരിൽ നടക്കുന്നത് ആദിവാസി ഭൂമി കയ്യേറ്റം

10. ആദിവാസികളുടെ കുടുംബ ഭൂമികൾ അടിയന്തരമായി അളന്നു തിരിച്ച് രേഖകൾ നൽകുന്നതിനുള്ള ചെലവ് സർക്കാർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വകുപ്പ് നേരിട്ട് രജിസ്ട്രേഷൻ വകുപ്പിന് നൽകണം.

11. കൃഷിക്കു വേണ്ടി നൽകിയ പമ്പ് സെറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല.

12. ദേശീയ അവാർഡ് നേടിയ ഗായിക നഞ്ചിയമ്മയുടെ കുടുംബഭൂമി വ്യാജ നികുതി രസീത് ഉണ്ടാക്കി തട്ടിയെടുത്തു.

13. ഉന്നതതല സമിതിയുടെ നേതൃത്വത്തിൽ അട്ടപ്പാടിയിലെ ഭൂമി കയ്യേറ്റം അന്വേഷിക്കാൻ സർക്കാർ ഉത്തരവിടണം.

പ്രസ്തുത പരാതിയിൽ ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കുന്നതിന് റ്റി.ആർ.ഡി.എം. ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം രൂപീകരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ & റ്റി.ആർ.ഡി.എം സ്പെഷ്യൽ ഓഫീസറുടെ 15.10.2024 ലെ എ/892/2024/ ടി.ആർ.ഡി.എം നമ്പർ ഉത്തരവ് പ്രകാരം പരിശോധന സംഘത്തെ നിയമിക്കുകയും പരിശോധന റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു.:

1. അട്ടപ്പാടിയിൽ ഡിജിറ്റൽ സർവ്വേക്ക് മുമ്പ് നിലവിൽ പട്ടികവർഗ്ഗക്കാർ കൈവശം വച്ചുവരുന്ന ഭൂമിയുടെ അവകാശ രേഖകൾ തയ്യാറാക്കി പട്ടികവർഗ്ഗക്കാർക്ക് കൈമാറേണ്ടതാണ്. ഡിജിറ്റൽ സർവ്വേ നടത്തുമ്പോൾ മദ്രാസ് സർവ്വേ ബൗണ്ടറി ആക്ട് പ്രകാരം സർവ്വേ വകുപ്പ് തയ്യാറാക്കിയ സെറ്റിൽമെന്റ് രജിസ്റ്റർ അടിസ്ഥാനമാക്കി ചെയ്യണമെന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആവശ്യം പരിഗണിക്കേണ്ടതാണ്.

2. പട്ടയ വിതരണം സംബന്ധിച്ച നടപടിക്രമങ്ങൾ ഒറ്റപ്പാലം സബ്കളക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ മാത്രമാക്കേണ്ടതാണ്.

3. അട്ടപ്പാടിയിലെ പട്ടിക വർഗ്ഗകാരുടെ ഭൂമി കൈയേറ്റം സംബന്ധിച്ച് പരാതി ലഭിക്കുന്ന മുറയ്ക്ക് ഉടൻ തന്നെ സ്റ്റോപ്പ് മെമ്മോ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം

4. പട്ടിക വർഗ്ഗകാരുടെ ഭൂമി കൈയേറ്റം സംബന്ധിച്ച് കേസുകൾ ഹൈക്കോടതി തലത്തിൽ എത്തുമ്പോൾ അവർക്ക് വിശ്വാസമുള്ള വക്കീലൻമാരെ നിയമിക്കണം.

5. തമിഴ്നാട്ടുകാർ വൻതോതിൽ അട്ടപ്പാടി മേഖലകളിൽ ഭൂമി വാങ്ങുന്ന പ്രവണത തടയാനുള്ള നടപടി ഉണ്ടാകണം.

6. വൻതോതിൽ കുന്ന് ഇടിക്കുന്നതു മൂലം ആദിവാസികളുടെ തനത് കൃഷി, പട്ടിക വർഗ്ഗകാരുടെ ആവാസ വ്യവസ്ഥ എന്നിവയ്ക്ക് ബുദ്ധിമുട്ട് നേരിടുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

7. വ്യാജ നികുതി രസീത് ഉണ്ടാക്കി ആദിവാസി ഭൂമി തട്ടിയെടുക്കുന്നത് സംബന്ധിച്ച പരാതി നിലനിൽക്കുന്നതിനാൽ പട്ടികവർഗ്ഗക്കാരുമായി തർക്കമുള്ള എല്ലാ ഭൂമികളുടെയും ആധാരങ്ങൾ/ പട്ടയങ്ങളുടെ ആധികാരികത, വിശ്വസ്തത ഉറപ്പു വരുത്തുന്ന രീതിയിൽ പരിശോധിക്കണം.

8. പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗതമായി ലഭിച്ച ഭൂമി തർക്കങ്ങൾ തീർത്ത് ഭാഗാധാരം ചെയ്യുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, ഫോറസ്റ്റ് റേഞ്ച് ഓഫീസർ, വില്ലേജ് ഓഫീസർ, സബ് രജിസ്ട്രാർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ച് രജിസ്ട്രേഷൻ ഫീസുകൾ സൗജന്യമാക്കി ഭാഗാധാരം ചെയ്യുക.

| | | | |
|---|---|---|---|
| | | | 9. റവന്യൂ വകുപ്പിൽ നിന്നും പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള പട്ടയ ഭൂമിയിൽ വ്യാപകമായി നടക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ടി ഭൂമി പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുക.<br><br>10. അട്ടപ്പാടിയിൽ സ്ഥിരതാമസമുള്ളവരുടെ ഭവന നിർമ്മാണമൊഴിച്ച് മറ്റെല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ജില്ലാ കളക്ടറുടെ അനുമതി നിർബന്ധമാക്കുക. |
| (സി) | ഇക്കാര്യത്തിൽ ഉന്നതതല അന്വേഷണം നടത്തണമെന്ന ശിപാർശയിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ് |

സെക്ഷൻ ഓഫീസർ